വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സംയോജിത ശിശുവികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഐ.സി.ഡി.എസ്. മാന്വലിൽ വ്യവസ്ഥ ചെയ്ത പ്രകാരം മാത്രമേ ജീവനക്കാരെ നിയമിക്കുവാൻ കഴിയും. റൂറൽ ഏരിയകളിൽ 20 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും അർബൻ ഏരിയകളിൽ 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും എന്ന കണക്കിലാണ് ഐ.സി.ഡി.എസ്. മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ട 15 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്നുള്ള തരത്തിൽ മാറ്റം വരുത്താൻ നിർവാഹമില്ല. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട തമ്പാനൂർ രവി.....

(35) നെയ്യാർഡാമിലെ ചീങ്കണ്ണി ആക്രമണംമൂലം പരിസരവാസികൾ നേരിടുന്ന അപകട ഭീഷണി

ശ്രീ. തമ്പാനൂർ രവി : സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപെട്ട അമ്പൂരി പഞ്ചായത്തിലേയും വെള്ളറട പഞ്ചായത്തിലേയും പ്രശ്നമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ശാസ്ത്രം എത്ര പുരോഗമിച്ചാലും പട്ടാപ്പകൽ പട്ടാളവും പോലീസും മറ്റുള്ളവരുമൊക്കെ നോക്കിനിൽക്കെ ഒരു വീട്ടമ്മയെ രണ്ടുമണിക്ക് ചീങ്കണ്ണി കടിച്ചുകൊന്നു. മാത്രമല്ല, അറുപതോളം ആളുകൾക്ക് കൈകാലുകൾ നഷ്ടമായി. ആടുമാടുകൾ നഷ്ടമായവരുണ്ട്. ഇങ്ങനെ പട്ടിക നീണ്ടുപോവുകയാണ്. ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്കും കൈകാലുകൾ നഷ്ടപ്പെടുന്നവർക്കും ലഭിക്കുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്. എന്തെങ്കിലും നടപടി സ്വീകരിച്ച് നെയ്യാർ റിസർവോയറിലുള്ള ചീങ്കണ്ണികളെ അവിടെ നിന്നും മാറ്റിയില്ലെങ്കിൽ വലിയ ചോദ്യത്തിനു നാം മറുപടി പറയേണ്ടിവരും. മനുഷ്യജീവനാണോ ചീങ്കണ്ണിക്കാണോ വില ? ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസ് അല്ലാതെ മറ്റ് കാര്യങ്ങളൊന്നും ഒട്ടും പുരോഗമിച്ചില്ല. രണ്ട് കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. ഈ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കണം. എങ്ങനെയെങ്കിലും ചീങ്കണ്ണികളെ റിസർവോയറിൽ നിന്നും പിടിച്ച് ഏതെങ്കിലും സാങ്ച്വറിയിൽ കൊണ്ടിടണം. വേണമെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വൈൽഡ് ലൈഫ് ആക്ടിൽ മാറ്റം വരുത്തണം. ചീങ്കണ്ണികൾ മുറിവേൽപ്പിക്കുന്നവർക്ക് കാര്യമായ നഷ്ടപരിഹാരം കൊടുക്കണം. ആ പ്രദേശത്തെ ആളുകൾക്ക് കുളിക്കുവാനും വസ്ത്രം കഴുകുവാനും പാത്രം കഴുകുവാനുമുള്ള ഏക ഒരു ജലാശയം ഇതുമാത്രമാണ്. ആളുകളെ കൊല്ലാൻ പറ്റുമോ? ആയിരക്കണക്കിന് കുടുംബങ്ങളാണ് അവിടെയുള്ളത്. മനുഷ്യരെ വളരെയധികം ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കേരളത്തിൽ പറമ്പിക്കുളത്തും നെയ്യാർഡാമിലും സ്വാഭാവിക പരിസ്ഥിതിയിൽ ചീങ്കണ്ണികളെ കാണപ്പെടുന്നുണ്ട്. നെയ്യാർ ജലാശയവും ജലാശയത്തിന്റെ കരയും ചീങ്കണ്ണികളുടെ ആവാസ കേന്ദ്രമാണ്. മുട്ടയിടാനും മറ്റ് ആവശ്യങ്ങൾക്കും ചീങ്കണ്ണികൾ ജലാശയത്തിന്റെ കരയിലേക്ക് വരാറുണ്ട്. ഉദ്ദേശം 25 കിലോമീറ്റർ ദൂരത്തിൽ ജലാശയത്തിന്റെ കരയിൽ ആയിരത്തോളം കുടുംബങ്ങൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുവക പുറംപോക്ക് ഭൂമി കൈവശപ്പെടുത്തി താമസിച്ചുവരുന്നുണ്ട്. കുടിവെള്ളത്തിനും മറ്റും ഇവർ നെയ്യാർ ജലാശയത്തെയാണ് ആശ്രയിക്കുന്നത്. ജലാശയത്തിൽ ഇറങ്ങുന്ന ആൾക്കാരെ, പല സ്ഥലങ്ങളിലായി ചീങ്കണ്ണികൾ ആക്രമിച്ച 24 സംഭവങ്ങൾ 1983 മുതൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2-1-2001-ൽ രാജമ്മ എന്ന സ്ത്രീയെ ചീങ്കണ്ണി ആക്രമിച്ചു മരിച്ചതാണ് അവസാനത്തെ സംഭവം. മരിച്ച സ്ത്രീയുടെ കുടുംബത്തിനു വനംവകുപ്പു 20,000 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 30,000 രൂപ നഷ്ടപരിഹാരമായി അനുവദിച്ചു. ഇനി 80,000 രൂപകൂടി അനുവദിക്കുവാൻ കേന്ദ്ര വനം വകുപ്പിനോട് സംസ്ഥാന വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ചീങ്കണ്ണികളുടെ ആക്രമണം തടയുവാൻ വനം വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു. ആക്രമം ഉണ്ടാകുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നാട്ടുകാരുമായി ഈ പ്രശ്നം സംബന്ധിച്ച് നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അപകടകാരികളായ ചീങ്കണ്ണികളെ പിടിക്കുന്നതിനെക്കുറിച്ചും നാട്ടുകാരുടെ അഭിപ്രായം തേടിയിട്ടുണ്ട്. അപകടകാരികളായ ചീങ്കണ്ണികളെ പിടിക്കാൻ പീച്ചി വനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെറാഡൂൺ, മദ്രാസ് ക്രോക്കൊഡൈൽ ബാൻ ട്രസ്റ്റ് (ചെന്നൈ), ഫിഷറീസ് ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സഹായം തേടിയിട്ടുണ്ട്. ഫീഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സാങ്കേതിക സഹായത്തോടെ പ്രത്യേക ഡിസൈനിൽ നിർമ്മിച്ചുവരുന്ന വല ചീങ്കണ്ണിയെ പിടിക്കാനായി ഉടൻതന്നെ ഉപയോഗിക്കുന്നതാണ്. ചീങ്കണ്ണിയെ പിടിക്കാനായി ഒരു ഇരുമ്പുകൂടും വനം വകുപ്പ് നിർമ്മിച്ച് ജലാശനത്തിനരുകിൽ സ്ഥാപിച്ചിട്ടുണ്ട്. നെയ്യാർ ജലാശയങ്ങളിൽനിന്ന് ചീങ്കണ്ണിയെ പിടിക്കുന്നതിനായി വനം വകുപ്പിനെ സഹായിക്കാൻ വനം വകുപ്പ് അഭ്യർത്ഥിച്ചതനുസരിച്ച് 28-2-2000 മുതൽ 2-3-2000 വരെ മദ്രാസ് ക്രൊക്കൊഡൈൽ ബാൻ ട്രസ്റ്റിലെ രണ്ട് വിദഗ്ദ്ധർ നെയ്യാർ സന്ദർശിക്കുകയും ഫലപ്രദമായ നിർദ്ദേശങ്ങൾ വനം വകുപ്പുദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 24-1-2000-ൽ എന്റെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥൻമാരുടേയും യോഗം ചേരുകയും നെയ്യാർ ജലാശയത്തിലെ ചീങ്കണ്ണികളുടെ ആക്രമണം തടയുന്നതിന് അടിയിന്തിര നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയുംചെയ്തിട്ടുണ്ട്. പരിസരവാസികൾ ജലാശയത്തെ.ആശ്രയിക്കുന്നത് കുറയ്ക്കാനായി അവർക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കാനും കുളിസ്ഥലങ്ങൾ നിർമ്മിച്ചുനൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സഹായം

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിച്ചുകൊണ്ട് വനം വകുപ്പ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ചീങ്കണ്ണിയുടെ ആക്രമണം സംബന്ധിച്ചും അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും വനം വകുപ്പിന്റെ ധനസഹായത്തോടെ പീച്ചി വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(36) ദേവികുളം നിയോജകമണ്ഡലത്തിലെ കരിമ്പുകൃഷി കാട്ടാനകൾ നശിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. മണി : സർ, ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ, കാന്തല്ലൂർ എന്നീ മേഖലകളിൽ കാട്ടാനകളും കാട്ടുപോത്തുകളും കരിമ്പുകൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ശർക്കരയ്ക്കാണെങ്കിൽ വിലയില്ല. ഇതിനുമുൻമ്പ് ഞാൻ ഇക്കാര്യം സഭയിൽ ഉന്നയിച്ചതാണ്. ദേവസ്വംബോർഡിനെക്കൊണ്ട് ശർക്കര എടുക്കണമെന്ന് ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കറും അതു പറഞ്ഞതാണ്. ശർക്കര എല്ലാവർക്കും വിതരണം ചെയ്യുകയുംചെയ്തു. എന്തായാലും ശർക്കരയ്ക്ക് ഇപ്പോൾ വിലയില്ല. ശർക്കരയ്ക്ക് വിലയുണ്ടാകാത്ത സാഹചര്യത്തിൽ കൃഷിയുടെ കാര്യത്തിലും വളരെയധികം ബുദ്ധിമുട്ടുകയാണ്. കാട്ടാനകളും കാട്ടുപോത്തുകളും കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഉപജീവനം കഴിക്കാൻപോലും കർഷകർ വളരെയധികം ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റും വകുപ്പുമന്ത്രിയും ഇടപെട്ട് കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനും കാട്ടാനശല്യത്തിൽനിന്ന് കൃഷിയെ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ, കാന്തല്ലൂർ, കീഴാനൂർ എന്നീ പ്രദേശങ്ങളിൽ ഡിസംബർ മാസം അവസാന ആഴ്ചയോടുകൂടി ഒരു കൊമ്പനും ഒരു പിടിയാനയും കാട്ടിൽനിന്നിറങ്ങി കാർഷികവിളകൾക്ക് നാശമുണ്ടാക്കിയ വിവരം കിട്ടിയ ഉടൻ മറയൂർ റേഞ്ച് ഓഫീസറും സ്റ്റാഫും വാച്ചറുംകൂടി ആനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുകയും ചെയ്തെങ്കിലും ആനകൾ അടുത്ത ദിവസങ്ങളിൽ വീണ്ടും ഗ്രാമങ്ങളിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുകയുണ്ടായി. കഴിഞ്ഞ വർഷം ജനുവരി-ഫെബ്രുവരി മാസങ്ങളിലും ആനകൾ കാട്ടിൽനിന്നിറങ്ങി കാർഷിക വിളകൾക്ക് നാശം വരുത്തി. ഈ പ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്തുവരുന്ന കരിമ്പ് മറ്റു കാർഷിക വിളകളുമാണ് ആനകളെ ഈ പ്രദേശങ്ങളിലേയ്ക്ക് ആകർഷിക്കുന്നത്. കൃഷി നാശം സംഭവിച്ചവർക്ക് നിയമപ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കഴിഞ്ഞ വർഷം ശല്യം കൂടിയപ്പോൾ കെ.എഫ്.ആർ.ഐ., പീച്ചിയിലെ വന്യജീവി വിഭാഗത്തിലെ തലവൻ, വെറ്ററിനറി ഡോക്ടർമാരായ ഡോ. ചീരൻ, ഡോ. ഈശ്വരൻ എന്നിവർ വനംവകുപ്പിന്റെ ആവശ്യപ്രകാരം മേൽപ്പടി സ്ഥലങ്ങൾ സന്ദർശിക്കുകയും അവരുടെ അഭിപ്രായപ്രകാരം മേൽപ്പടി ആനകളെ മയക്കുവെടിവച്ച് പിടിച്ച് ആൾതാമസം കുറവായ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly